**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4641** **29-10-2021 - ൽ മറുപടിയ്ക്ക്**

**നഗരപ്രദേശങ്ങളിലെ വെള്ളക്കെട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ . ടി. വി. ഇബ്രാഹിം | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മഴക്കാലത്ത് നഗര പ്രദേശങ്ങളിൽ വെള്ളക്കെട്ടുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കനാലുകളും തോടുകളും വൃത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ; | (ബി) | കനാലുകളും തോടുകളും വൃത്തിയാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൊച്ചി കോർപ്പറേഷൻ പരിധിയിലെ വെള്ളക്കെട്ട് പ്രശ്നം പരിഹരിക്കു ന്നതിനായി കോർപ്പറേഷന്റെ സഹകരണ ത്തോടെ നടപ്പാക്കിയ "ഓപ്പറേഷൻ ബ്രേക്ക് ത്രൂ" പദ്ധതിയിൽ തോടുകളും കനാലുകളും വൃത്തിയാക്കുകയും വിവിധ സ്ഥലങ്ങളിൽ അടിഞ്ഞുകൂടിയ എക്കൽ/ചെളി തുടങ്ങിയവ നീക്കം ചെയ്യുകയും തോടുകളും കനാലുകളും എത്തിച്ചേരുന്ന പ്രദേശങ്ങളിലെ തടസ്സങ്ങൾ നീക്കി നീർവാർച്ച സുഗമമാക്കുന്നതിനുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഇതേ മാതൃകയിൽ തിരുവനന്തപുരം നഗരത്തിൽ നടപ്പിലാക്കിയ "ഓപ്പറേഷൻ അനന്ത" പദ്ധതിയുടെ ഭാഗമായി ഓടകൾ/ തോടുകൾ എന്നിവ വൃത്തിയാക്കി നീർവാർച്ച സുഗമമാക്കാനും കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കാനും സാധിച്ചിട്ടുണ്ട്. തോടുകൾ/ ഓടകൾ/ നദികളോട് ചേർന്ന പാലങ്ങൾ എന്നിവിടങ്ങളിൽ നേരിട്ട് മാലിന്യം നിക്ഷേപിക്കുന്നത് തടയാൻ കമ്പി വേലികൾ നിർമ്മിക്കുന്ന പ്രവർത്തനവും നടന്നു വരുന്നു. എറണാകുളം, തിരുവനന്തപുരം നഗരങ്ങൾക്ക് പുറമേ മറ്റു ജില്ലകളിലും ബജറ്റ് വിഹിതം പ്രയോജനപ്പെടുത്തി മേൽ വിവരിച്ച മാതൃകയിൽ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. ഹരിത കേരള മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ 'ഇനി ഞാൻ ഒഴുകട്ടെ' എന്ന പേരിൽ മൂന്ന് ഘട്ടങ്ങളിലായി നീർച്ചാലുകളുടെ |

| | | | |
|---|---|---|---|
| | | | ജനകീയ വീണ്ടെടുപ്പിനായി നടപ്പിലാക്കിയ ക്യാമ്പയിന്റെ ഭാഗമായി 10253 കിലോമീറ്റർ നീർച്ചാലുകൾ വൃത്തിയാക്കി പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്. |
| (സി) | സമയബന്ധിതമായി ഇവ വൃത്തിയാക്കുന്നതിന് നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ? | (സി) | മാലിന്യ സംസ്കരണവും/ഉറവിട മാലിന്യ സംസ്കരണവും ശാസ്ത്രീയമായും ഫലപ്രദമായും നിർവ്വഹിക്കുന്നതിനും കൈയ്യേറ്റങ്ങൾ ഒഴിപ്പിച്ച് നീർവാർച്ച സുഗമമാക്കുന്നതിനും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഓടകളും തോടുകളും സമയബന്ധിതമായി വൃത്തിയാക്കു ന്നതിന് തിരുവനന്തപുരം നഗരസഭ നടപ്പിലാക്കി വരുന്ന "ശ്രീ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി" യുടെ സേവനം മറ്റിടങ്ങളിലേക്ക് വ്യാപിപ്പിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ